# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679–306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228


നമ്പർ: ഡി3/1277/2025 തിയ്യതി : 10/03/2025

## ക്വട്ടേഷൻ നോട്ടീസ്

ഈ സ്റ്റേഷനിലെ റൈസ് മ്യൂസിയത്തിലേക്ക് പ്രദർശന ടേബിൾ നിർമിക്കുന്നതിന് പരിചയ സമ്പന്നരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## പ്രവൃത്തിയുടെ വിശദാംശം

- മൾട്ടിവുഡ് ഷീറ്റ് ഉപയോഗിച്ച് 8 feet (L) x 3 feet (W) x 2 feet (H) അളവിൽ 3 പ്രദർശന ടേബിളുകളാണ് നിർമിക്കേണ്ടത്.
- ¾ " കനത്തിൽ ½ " വീതിയുള്ള GI സ്ക്വയർ പൈപ്പ് ഉപയോഗിച്ച് ആറ് കാലുകളും, മേശയുടെ ഫ്രെയിമും, ¾ " കനത്തിലുള്ള മൾട്ടിവുഡ് ഷീറ്റ് ഉപയോഗിച്ച് മേശയുടെ മുകൾ ഭാഗവും നിർമിക്കേണ്ടതാണ്.

**മറ്റു നിബന്ധനകൾ**

1. മേൽ സൂചിപ്പിച്ച പ്രവർത്തികൾ നിർവഹിക്കുന്നതിനുള്ള നിർമ്മാണ സാധനങ്ങൾക്കാവശ്യമായ തുക ഉൾപ്പെടെയുള്ള ഏറ്റവും കുറഞ്ഞ നിരക്ക് വെള്ളക്കടലാസിൽ രേഖപ്പെടുത്തി പൂർണ്ണ മേൽ വിലാസം എഴുതി ഒപ്പിട്ടാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്.
2. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. ഇപ്രകാരം തയ്യാറാക്കിയ ക്വട്ടേഷനുകൾ കവറിനകത്ത് അടക്കം ചെയ്ത് ഒട്ടിച്ച് 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് – 679 306' എന്ന വിലാസത്തിൽ 18.03.2025 ന് ഉച്ചക്ക് മുൻപ് 12.00 മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് 'റൈസ് മ്യൂസിയത്തിലേക്ക് പ്രദർശന ടേബിൾ നിർമിക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
5. ലഭിച്ച ക്വട്ടേഷനുകൾ 18.03.2025 ന് ഉച്ചക്ക് മുൻപ് 12.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയ്ക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.
6. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്ന് നൽകുന്ന വർക്ക് ഓർഡർ അനുസരിച്ചാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. വർക്ക് ഓർഡർ ലഭിച്ച് ഏഴ് ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്.
7. പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം ഇൻവോയ്സ് അടിസ്ഥാനത്തിൽ ബാങ്ക് മുഖേനയായിരിക്കും തുക നൽകുക. പണം മുൻകൂർ നൽകുന്നതല്ല.

8. കരാർ തുകയിൽ നിന്ന് നിലവിലുള്ള നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിന് ആദായനികുതി വകുപ്പിൽ നിന്ന് ലഭിച്ച പാൻ കാർഡ് ഹാജരാക്കേണ്ടതാണ്.

9. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ വ്യക്തിക്ക്, ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റ് യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

10. കരാറുകാരുടെ പ്രവർത്തനങ്ങൾ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ കരാറുകാരുടെ ഭാഗം വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനു ശേഷം കരാർ അവസാനിപ്പിക്കാനുള്ള അധികാരം അസോസിയേറ്റ് ഡയറക്ടർക്ക് ഉണ്ടായിരിക്കും.

11. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനും അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും.

12. സർക്കാർ ക്വട്ടേഷനുകൾക്കുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ഒപ്പ്/-

**ഡോ. പി. രാജി**

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ : നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്.
പകർപ്പ് : ഡോ. പി രാജി, പ്രൊഫസർ (പ്ലാന്റ് പാത്തോളജി)

//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ